# S . J . H . S . Chinnar

# VISION-1.0

## Digital Magazine

## 2018-19

സാങ്കേതിക വിദ്യതീർക്കുന്ന
പുത്തൻവിസ്മയങ്ങൾക്ക് കാതോർക്കാൻ,
അസാധ്യമായിരുന്ന പലതിനെയും
സാധ്യമാക്കാൻ, ക്ലാസ് മുറികൾ സ്മാർട്ട്
ക്ലാസ്മുറികളായി രൂപം മാറുമ്പോൾ
അറിവിൻെറ അനന്തവിഹായസിലേക്ക്
സ്വയം ചിറകുവിടർത്തി പറന്നുയരാൻ
ശ്രമം നടത്തുന്ന ചിന്നാർ സെൻറ്
ജോസഫ്സ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ അണിയിച്ചൊരുക്കുന്ന
ഡിജിറ്റൽ മാഗസിൻ...........

# ആമുഖം

ഇടുക്കി ജില്ലയിലെ കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലെ ചിന്നാർ സെൻെറ് ജോസഫ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് 'VISION-1.0' എന്ന പേരിൽ പുറത്തിറക്കുന്നത്.

സമയപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയതും, ശേഖരിച്ചതുമായ വിഭവങ്ങൾ കോർത്തിണക്കി, ലഭ്യമായ സങ്കേതങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ ഈ മാഗസിൻ എല്ലാവർക്കുമായി സമർപ്പിക്കുന്നു.

ഇതിൽ തെറ്റുകളും കുറവുകളും ഏറെ ഉണ്ടെങ്കിലും കുട്ടികളായ ഞങ്ങളുടെ ഈ എളിയ സംരംഭത്തെ ഏവരും പ്രോത്സാഹിപ്പിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്,

പ്രസാധകസമിതി

# ആശംസ



മാറുന്ന തലമുറയടെ
പുതുശബ്ദം ഡിജിറ്റൽ
മാഗസിൻ'**VISION1.0**'
അണിയിച്ചൊരുക്കിയ ചിന്നാർ സെൻറ്
ജോസഫ്സ് സ്കൂളിലെ കുരുന്നുകൾക്ക്
എല്ലാ ആശംസകളും........

ഹെഡ്മാസ്റ്റർ,
ശ്രീ. ജോസ് മാത്യു

# ആശംസ



“നൂതന സാങ്കേതിക
വിദ്യാലോകത്തിലേക്ക്
വിദ്യാർത്ഥികളെ
കൈപിടിച്ച്
ഉയർത്താൻ,
അന്വേഷണാത്മകവും
സർഗാത്മകവുമായ
പ്രവർത്തനങ്ങളിലേർപ്പെടാൻ
കുട്ടികളെ പ്രാപ്തരാക്കിയ
'VISION1.0'ഡിജിറ്റൽ മാഗസിന്
എല്ലാ വിജയാശംസകളും.....

ശ്രീമതി. അനില തോമസ്

# ആശംസ



സാങ്കേതിക
വിദ്യയോടുള്ള
പുതുതലമുറയുടെ
ആഭിമുഖ്യം
സർഗാത്മകമായി
പ്രയോജനപ്പെടുത്തുന്നതിന് സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ തയ്യാറാക്കിയ
'VISION1.0' ഡിജിറ്റൽ മാഗസിന്
എല്ലാ വിധ വിജയാശംസകളും........

ശ്രീമതി. മിനിക്കുട്ടി മാത്യൂ

# Editorial Board

**Main Editors : B.N.Deepe**

**: Gouri Nandhana**

**Sub Editors : Anaswara**

**Karibia**

**Christina**

**Arya**

**Detteena**

**Saniya**

**Sneha**

# കൽത്താളുകളിൽ......

കവിതകൾ

ലേഖനങ്ങൾ

കഥകൾ

ചിന്താശകലങ്ങൾ

പോസ്റ്ററുകൾ

പൊതുവിജ്ഞാനം

കടങ്കഥകൾ

ചിത്രങ്ങൾ

കൈറ്റ് അംഗങ്ങൾ

കൊളാഷ്

നന്ദി

# കവിതകൾ

# അമ്മ

അ എന്നൊരക്ഷരത്തിൽ
അർത്ഥം പൂർണ്ണമാവുന്നത്
അമ്മയെന്നൊരു വാക്കിനാലെ
കുഞ്ഞിൻ ചുണ്ടുകൾ ആദ്യമായി
അനങ്ങുന്നത് അമ്മയെന്ന
വാക്കുച്ചരിക്കുവാനണല്ലോ
അറിവിൻ ആദ്യാക്ഷങ്ങൾ
പകർന്നു തരുന്നെൻ
അമ്മ



എന്റെ മുറിവുകളിൽ സ്നേഹമാകുന്ന
തൈലം പൂശിയെന്ന മാറോടണ
യ്ക്കുന്നെൻ അമ്മ
എൻ കണ്ണുകൾ നിറയുമ്പോൾ
കണ്ണീരൊപ്പുമെൻ അമ്മ
അമ്മയെക്കുറിച്ചുള്ള സ്മൃതികൾ
എൻ മനസ്സിൽ ഉണരുമ്പോൾ
ചാലു പോലെൻ കണ്ണിൽ നിന്ന്
കണ്ണുനീർ ഒഴുകുന്നു.

# വസന്തകാലം



വസന്തകാലം

വന്നല്ലോ,

മൊട്ടുകൾ പൂവായി

വിരിഞ്ഞല്ലോ

ലേശം ലേശം

ശീതവുമായി വസന്തം വന്നു ളുകിയല്ലോ

ഓരോ ഓരോ കുരുവികളായി

ഗ്രാമം കാണാൻ എത്തിയല്ലോ

പറവകളും പൂമ്പാറ്റകളും

പൂന്തോട്ടത്തിൽ എത്തിയല്ലോ

നാട്ടും വീട്ടും എല്ലായിടവും

വസന്തം കൊണ്ട് നിറഞ്ഞല്ലോ.

# കാകൻ

ഇവിടെ ഈ വിദ്യാലയ പടിയിൽ
മഴമേഘങ്ങൾ പെയ്തിറങ്ങി
നിറകതിർ നീരാട്ടും
കുലച്ചാർത്തി-
ലഭയം കാണാതൊരു
ബലിഭൃക്ക്
പള്ളി മാടത്തിലെത്തി



ഉണങ്ങിയ മുളന്തണ്ടിലഭയം തേടി
അറുതിയില്ലാതെ പെയ്തിറങ്ങുന്ന
വൻ മാരിയെ നോക്കി
അത് നെടുവീർപ്പിട്ടു
തൻ ക്രൂടാർന്ന ദിക്കിലേതു
നേരത്തെത്തുമെന്നാവാം
അല്ലെങ്കിൽ പൊന്നോമലെ
ഓർത്താവാം

# കാണാമറയത്ത്



എവിടെയാണ് നീ
എന്തിനാണ് നീ
ഇത്രയും അകന്നത്
എത്ര
സ്നേഹിച്ചതാണ് നിന്നെ ഞാൻ
മകനെ , എവിടെയാണ് നീ
ജീവന്റെ തുടിപ്പുകൾ
നിനക്കു പകർന്നുതന്നവൾ
ഇതാ , നിനക്കുവേണ്ടി
ജീവൻ വെടിയുന്നു .
എന്റെ സ്നേഹം തള്ളികളഞ്ഞുണ്ണി
എങ്ങനെഞാൻ നിന്നെ തള്ളികളയും
ആത്മാവില്ലാത്ത ശരീരം പോലെ
ഇതാ, നിന്റെ അമ്മ പ്രാണൻ ത്യജിക്കുന്നു.

# <u>മഴ</u>



മഴ മഴ മഴ മഴ പെരുമഴ
ചിമ്മി ചിമ്മി   പെയ്യുന്നു
ബാലമനസ്സുകൾ കവരുന്നു
തവളകളാർപ്പു വിളിക്കുന്നു
മരങ്ങൾ നർത്തനം ആടുന്നു
വിണ്ണിൽ നിന്നും വന്ന മഴ
മണ്ണിൽ വന്നു പതിക്കുന്നു
നീലാകാശച്ചെരുവിൽ നിന്നും
പാറിവരുന്നൊരു മുത്തുമഴ
കുഞ്ഞുമനസ്സിൽ കുളിരേകും
മഴ മഴ മഴ മഴ പെരിയ മഴ

# MY SCHOOL

A place so cool,
Away from politicians race,
In natural lap of fresh green,
Where it is calm,peaceful and serene,
No flattery, no evil minds work here,
Its my school that I speak about.
Where teachers are my parents,
Friends are my solace
Where humanity is only religion
And this semi paradised gardens
Medical power soothens a burning heart.
It is the second cradle of a child,
Where students are mild.
It is a place beyond description,
Which gives students perfection.



# സൗഹൃദം

സൗഹൃദത്തിന്റെ
വിലയറിയുന്ന രണ്ടു വണ്ടുകൾ പറന്നും
തേൻനുകർന്നും
പാറിനടക്കുന്ന ഈ
കൂട്ടുകാർ .
വസന്തത്തിൽ
വിരിയുന്ന
പൂക്കളെ



ചുംബിക്കുന്നു വരിയാറായ ഒരു പുഷ്പത്തെ മുൻ
നിർത്തി അവർ തങ്ങളുടെ സൗഹൃദം
അളന്നുനോക്കി ആരുതാൻ ഈ പുഷ്പത്തിൽ
ആ നിന്ന് ആദ്യം തേൻനുകരുന്ന
ആളായിരിക്കും തങ്ങളുടെ ജീവിതത്തില്
ഏറ്റവും കൂടുതൽ സൗഹൃദം പങ്കിടുന്നോർ.
പുലർച്ചെ എത്തി രണ്ടാമന്റെ വരവുകാത്തിരുന്ന
അവൻ അറിയുന്നില്ല ല്ലോ പൂവിനുള്ളില്
അവസാനശ്വാസം പോലും സമർപ്പിച്ച
അവന്റെ സൗഹൃദം

# Memories




The sweetest word,
that;
I have ever heard,
"Memories"
The sweetest feeling, that;
I have ever felt :Memories"
Something comes into my mind now,
The memories of love
The memories of friendship
The memories of devotion
The memories of children
It is like a blooming flower
in my garden
the greenery of my mother land
which I love is in my mind
As I am in front of it.

# എൻെറ വിദ്യാലയം

അറിവിൻെറ വറ്റാത്ത പുഴയാണ്
എൻെറ വിദ്യാലയം
അമ്മേ പിരിയാനാവാതെ കരഞ്ഞു കലങ്ങിയ
കണ്ണുകളിമായി
എൻ വിദ്യാലയം അറിവിൻെറ നിറകുടമാണ് എന്ന്
സൗഹ്യദത്തൽ ഭേദിക്കാനാവാത്ത കെട്ടുകൾ
സമ്മാനിച്ചാണ് എൻെറ വിദ്യാലയം
അറിവിൻെറ ശ്രോതസ്സായ അദ്ധ്യാപകർക്ക്
ഇടയിൽ ഞാൻ വളർന്നു
നാല് ചുവരുകൾക്കിടയിൽ ഒതുങ്ങിനിൽക്കാതെ
പുറത്തേക്ക് എൻ അറിവിനെപാറി പറക്കാൻ അനുവദിച്ച
എൻ അദ്ധ്യാപകരെ മറക്കില്ല ഞാൻ ഒരിക്കലും
ഇളം മനസ്സിൽ ഞാൻ ഓർത്തില്ല
ഒരിക്കൽ ഞാൻ ഈ പടി ഇറങ്ങും എന്ന്
എന്നാലും ഞാൻ സമ്പാദിച്ച മണി മുത്തുകളാണ് ഈ
നിമിഷങ്ങള്



# ലേഖനങ്ങൾ

# <u>മാതൃഭാഷ കുട്ടികൾ കൈവിടുന്നുവോ</u>

നമ്മുടെ മാതൃഭാഷ മലയാളമാണ്. നമ്മെ ആഴത്തിൽസ്വാധീനിക്കുന്ന ശക്തിവിശേഷമാണത്. മറ്റുള്ളവ എല്ലാം ഭാഷകൾ മാത്രം. ഏതു മനുഷനും മാതൃഭാഷയാണ് പെറ്റമ്മ. അമ്മിഞ്ഞപ്പാല് നുകരുന്ന പിഞ്ചുകുഞ്ഞിന്റെ




ചുണ്ടിൽ ആദ്യമായി വരുന്നത് അമ്മ എന്ന വാക്കാണ്. ജനിക്കുതന്നെ ഉള്ളിൽ ലയിച്ചുചേരുന്ന ഒന്നാണ് മാതൃഭാഷ. കുഞ്ഞുനാളിലേ നമ്മുടെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന ഭാഷയാണ് മലയാളം. നമ്മൾ എത്ര വലിയവരായാലും നമ്മുടെ മാത്രഭാഷയെ മറക്കരുത്. വള്ളത്തോളിൻെറ ഈ വരികൾ .മാത്രഭാഷയുടെ ആശയം നൽകുന്ന

മിണ്ടിത്തുടങ്ങാൻ
ശ്രമിക്കുന്ന പിഞ്ചിചുണ്ടിന്മേലമിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ളരണ്ടക്ഷരമല്ലയോസമ്മേളിച്ചിട്ടു
ന്നൊന്നാമത് നമ്മൾ ഒരിക്കലും മറക്കരുത്

# <u>ഓർമ്മകള്</u>




ഓർമ്മകൾ മഹാപർവതം പോലെയാണ്. എൻറെ കണ്ണിന് എത്താത്ത ദൂരത്ത്. ഉയർന്നു നിൽക്കുന്ന എൻ ഓർമ്മകൾ ഓർമ്മകൾ മഹാസാഗരം പോലെയാണ് എൻറെ ഹൃത്ത്ചക്രവാളം നിൽക്കെയാണ്, എൻ ഓർമ്മകൾ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ നിരന്നുകിടക്കുകയാണ്. എൻ ഓർമ്മകൾ.

കടലിലെ മത്സ്യങ്ങൾ പോലെ നീന്തുകയാണ്,എൻ ഓർമ്മകൾ വൃക്ഷങ്ങളിലെ ഇലകൾ പോലെ തിങ്ങിനിറഞ്ഞതാണ് എൻ ഓർമ്മകൾ.

# ഒരു തരി വെട്ടം



സ്വാതന്ത്ര്യ സമരം നടക്കുന്ന കാലം രവീന്ദ്രനാഥ ടാഗോർ തൻറെ ശിഷ്യ ഗണങ്ങളെ വിളിച്ചിട്ടു പറഞ്ഞു സ്വാതന്ത്ര്യസമരം നടക്കുന്ന സമയമാണ് നിങ്ങൾക്ക് എന്തെങ്കിലും ചെയ്യുവാനുണ്ടോ. ശിഷ്യരിൽ ഒരുവൻ പറഞ്ഞു. ഞങ്ങളെക്കൊണ്ട് എന്തുചെയ്യുവാനും ഈ സമയം. ടാഗോർ അവരോടു പറഞ്ഞു നിങ്ങൾ ഞാൻ പറയുന്ന കാര്യം ശ്രദ്ധിക്കുക. ഒരിക്കൽ സൂര്യൻ വിളിച്ചു പറഞ്ഞു , ഇതാ ഞാൻ അസ്തമിക്കുവാൻ പോകുന്നു. ഭൂമിയിലേക്ക് വെളിച്ചം പകരുവാൻ ഇനി ആരുണ്ട്. എൻറെ വെളിച്ചം കൊടുക്കാം , ചന്ദ്രൻ വെളിച്ചം നൽകി. കുറച്ചു സമയം കഴിഞ്ഞപ്പോൾ ചന്ദ്രൻ വിളിച്ചു പറഞ്ഞു കാർമേഘങ്ങൾ എന്നെ വന്നു മൂടുന്നു. എൻറെ പ്രകാശം ഭൂമിയിലെത്തുന്നില്ല. ഭൂമി അന്ധകാരമാകും. ചന്ദ്രൻറെ നിലവിളി ആകാശത്തിലെ നക്ഷത്രങ്ങൾ കേട്ടു.

നക്ഷത്രങ്ങൾ വിളിച്ചുപറഞ്ഞു കോടാനുകോടി നക്ഷത്രങ്ങൾ ഒരുമിച്ചു പ്രകാശിച്ചു. ഭൂമിയിൽ വെളിച്ചമായി. കുറച്ചു കഴിഞ്ഞപ്പോൾ നക്ഷത്രക്കൂട്ടങ്ങൾ വിളിച്ചുപറഞ്ഞു കാർമേഘങ്ങൾ ഞങ്ങളേയും മൂടുന്നു. നക്ഷത്രക്കൂട്ടങ്ങളുടെ നിലവിളി മിന്നാമിന്നികൾ കേട്ടു. അവർ പറഞ്ഞു ഞങ്ങൾക്കുണ്ടിത്തിരി വെട്ടം. അവർ പ്രകാശിച്ചു. ഭൂമിയിലെങ്ങും പ്രകാശം നിറഞ്ഞു.

# സൂഹൃത്ത്



നമ്മൂടെ ഏതു പ്രശ്നങ്ങളിലും ഒരു വഴികാട്ടിയായി ക്രൂടെ നിൽക്കുന്ന വ്യക്തിയാണ് ഒരു നല്ല സുഹൃത്ത് . നല്ല ഒരു ക്രൂട്ടുകാരനെലഭിക്കുകയാണെങ്കിൽ ഏതു കഠിനഹൃദയമുള്ളവനും

സൗമ്യതയും സ്നേഹവും ഉള്ള ഒരാളായി തീരും. മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും

കല്ലിനുമുണ്ടൊരു സൗരഭ്യം എന്നു പറയുന്നതു പോലെ ഒരു നല്ല സുഹൃത്തിനെ ലഭിക്കുന്നവന് അതിന്റേതായ മാറ്റങ്ങൾ ഉണ്ടാവാം.

ഒരുവന്റെ ജീവിതത്തിൽ ദൈവം നൽകുന്ന ഒരു വലിയ സമ്മാനമാണ്

ഒരു നല്ല സുഹൃത്ത്. അതുകൊണ്ടു തന്നെ ഒതു നല്ല സുഹൃത്തിനായി

ദൈവത്തോട് പ്രാർത്ഥിക്കാം.

# Uses of Books

Books are our non-living teachers. They give us more information which will help us to improve our knowledge. Books not only help us to behave properly towards our teachers and elders, but also help us to achieve our goals. By reading books, we can also improve our speaking skills. Reading help us to improve our vocabulary. By reading books we know more about languages which will help us improve our communication towards unknown people. Books are our best friends. "Some books should be started, some should be chewed, some should be swallowed." It is apt quotation from Sir Francis Bacon.



# എന്റെ  നാട്



എന്റെ നാട് വളരെ മനോഹരമാണ്. മലകളും ,പക്ഷികളും,  അരുവികളും, മൃഗങ്ങളും നിറഞ്ഞ മനോഹരമായ ഒരു കൊച്ചു ഗ്രാമം.രാവിലെ എഴുന്നേൽക്കുമ്പോൾ കിളികൾ ചിലയ്ക്കുന്നതു കേൾക്കുമ്പോൾ അതിൻ്റെ സുഖം പറഞ്ഞറിയിക്കാനാവില്ല. വലിയ വലിയ കെട്ടിടങ്ങളും വണ്ടികളുടെ ശബ്ദവും കൊണ്ടു നിറഞ്ഞ സിറ്റികളെക്കാളും എത്രയോ മനോഹരമായ ഗ്രാമങ്ങൾ വളർത്തിയെടുക്കാനും അതിന്റെ സൗന്ദര്യം ആസ്വദിക്കാനും പഠിക്കണം. ഇളംകാറ്റടിക്കുമ്പോൾ ഇളകിയാടുന്ന മരങ്ങൾകാണുമ്പോൾ എന്തു ഭംഗിയാണ്. മൊത്തത്തിൽ പച്ചപ്പ് നിറഞ്ഞ ഗ്രാമം. പുഴയരികിൽ നിൽക്കുന്ന ചെടികളും പുഴയിൽ തുള്ളിക്കളിക്കുന്ന പലതരം നിറങ്ങളുള്ള മത്സ്യങ്ങളെയും കാണാനും അതിന്റെ ഭംഗി ആസ്വദിക്കാനും എന്തു മനോഹരമാണ്. ഓന്നോർത്തു നോക്കൂ. ഗ്രാമത്തിലുള്ള ആ ജീവിതത്തെക്കുറിച്ച്. ആരായാലും ഒന്ന് കൊതിച്ചു പോകും.

# PERSONALITY DEVELOPMENT IN STUDENTS




It is an important task of each student to develop his or her personality. Each student gets to know the first step of his personality from home and school. A students personality is the first sign of his character. Personality is not only the judgement of your score in examinations but also the way you behave in the public and also the way you behave to your elder and older ones

Personality plays an important role in your career. In fact your personality decides your career,great famous people possessed great personality. Nehru was from one the richest families of that time though he is rich he neglected it and came to work among the poor and hard-working to rescue the country.

One day Nehru was driving himself to attend an important meeting through a village. Suddenly his car hit a cow standing on the road, there was only a minor injury. However he got out of his car people rounded up there. But when they saw Nehru, they compelled him to go and attend the meeting. Next day he called his servant and give him some money. Them he told him to give this money to the owner of that cow and tell him that it was for his cows treatment. This shows his good personality. .so remember to have a good personality and become a model for the world.

# കഥകൾ

# അഹങ്കാരം ആപത്താണ്


ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ.



"അയ്യയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ നോക്ക്, എന്തു ഭംഗിയാണെനിക്ക്!" , സ്വർണമീൻ എപ്പോഴും മറ്റു മീനുകളെ കളിയാക്കും.അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോസ്വർണനിറത്തിൽവെട്ടിത്തിളങ്ങുന്നത് കാക്കച്ചേട്ടന്റെ കണ്ണിൽപ്പെട്ടു."ഹയ്യടാ , അതൊരു സ്വർണമീനാണല്ലോ!", കാക്കച്ചേട്ടന്റെവായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു.
കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റക്കൊത്ത് !
ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്തുകോണ്ടുള്ളൂ.ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറംഉള്ളതുകൊണ്ടാണ് കാക്കച്ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണമീനിന് മനസിലായി.അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു. നല്ല ഒരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി
ഗുണപാഠം :നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും.....

# സന്യാസിയും സിംഹവും

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .



ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.

നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായയ്ക്ക് .

ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം!

നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്.

"എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി"ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായപറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു.

മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു. ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ  തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.

സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.

ഗുണപാഠം ::വന്ന വഴി മറന്ന് അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും.....

## ജോലിയുടെ മഹത്ത്വം

പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന് .മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും."നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആടുകളെ മേച്ച നടക്കുന്നു!." കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ ആടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽപ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആടുകൾക്ക് മനസ്സിലാകും .

അത്ര ഇണക്കമാണ് മിലോവിനോട്. നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി.

അക്കൂട്ടത്തിൽമിലോവുമുണ്ടായിരുന്നു.കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂടു തുറന്ന് ആടുകളെയും കൊള്ളക്കാർ തെളിച്ചു നടത്തി.

പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തൂടെ വരിവരിയായി പോകുകയായായാണവർ.

പെട്ടെന്ന് മിലോവ് ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി.അടുത്ത

നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാട്ടുകൾ മുന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി! വിചാരിച്ചിരിക്കാതെ ഇടികൊണ്ട് കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു. ബാക്കിയുള്ളവരെ മിലോവും സംഘവും എളുപ്പത്തിൽ കീഴടക്കി.

"ആടുകളെ മേച്ചു നടന്നാലും നാടിന് ഉപകാരം ചെയ്യാമെന്ന് മനസിലായില്ലേ?" തിരികെ മലയിറങ്ങുമ്പോൾ മിലോവ് ചോദിച്ചത് കേട്ട് മറ്റുള്ളവർ ഒന്നും മിണ്ടിയില്ല.

ഗുണപാഠം ::ഏതുജോലിക്കും അതിന്റേതായ മഹത്വം ഉണ്ട്. ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത്..

## പങ്കുവയ്ക്കലിൻെറ മഹത്ത്വം

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി. ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു. അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെകണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോപറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ
മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ
അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി
താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം."
അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു
മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ  ചാമ്പ മരത്തിന്റെ
ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല.
അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ
ഇരുന്ന് ഉറങ്ങിപ്പോയി.ഉറങ്ങിമരത്തിൽ നിന്നു
താഴേക്കുവീണു.
രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു!
അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ
അടിയോടടി.
അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ
തുടങ്ങി. നിലവിളിക്കുന്ന ശബ്ദംകേട്ടപ്പോൾഅമ്മൂമ്മക്ക്
തോന്നി."ഇത്മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ
സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പ മാറ്റി നോക്കിയപ്പോൾ
, അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി
കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.
പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ
തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും
സന്തോഷം തോന്നി.
ഗുണപാഠം ::നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ


സന്തോഷം ഇരട്ടിയാകും.....


# ചിന്താശകലങ്ങൾ

# മൊഴിമുത്തുകൾ

തെറ്റ് പറ്റാത്തവരായി ആരുമില്ല.
സജ്ജനങ്ങൾക്കു പോലുംതെറ്റുപറ്റാം.
സജ്ജനങ്ങൾ എന്ന് അവരെ നാം
വിളിക്കുന്നത് അവർക്ക് തെറ്റുപറ്റാത്തതുകൊണ്ടല്ലേ.
മറിച്ച്,
സ്വന്തം തെറ്റുകൾ മനസ്സിലാക്കാനും
അത് തുറന്ന് പറയാനും  മറച്ചുവയ്ക്കാതെ
തിരിത്തുവാനും അവർ ശ്രമിക്കുന്നതുകൊണ്ടാണ്.

- ഗാന്ധിജി




Those who
Conserve and Preserve
Nature Deserve to be
part of the Nature.
– Amol Gade


"The Greatest
Threat to Our
Planet Is the
Belief That
Someone Else
Will Save It"
~Robert Swan


Only I can change my life. No
one can do it for me.
Carol Burnett


“വെറുപ്പിനെ ഒരിക്കലും
വെറുപ്പുകൊണ്ടു
ഇല്ലാതാക്കാൻ കഴിയില്ല.
എന്നാൽ സ്നേഹത്താൽ
വെറുപ്പിനെ ഇല്ലാതാക്കാൻ
കഴിയും.”
– ബുദ്ധവചനം
with metha
Anu krishnan..



WHYKOL.COM
മറ്റുള്ളവർ നിങ്ങൾക്ക് നേരെ
കല്ലെറിയുന്നെങ്കിൽ,
നിങ്ങൾ അവയെ
നാഴികക്കല്ലുകളാക്കി മാറ്റുക..
-സച്ചിൻ


ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്..
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു!
www.whykol.com www.whykol.com www.whykol.com

# പോസ്റ്ററുകൾ

(വിഷയം: ആലപ്പാടിനെ സംരക്ഷിക്കുക)


ഒരു ഗ്രാമം
കേരളത്തിന്റെ
ഭൂപടത്തിൽ നിന്ന്
ഇല്ലാതാവുകയാണ്
#SaveAlappad #StopMining #SaveKerala


SAVE
ALAPPAD
STOP MINING

# പൊതുവിജ്ഞാനം

1.സുപ്രീം ജസ്റ്റി കോടതി ചീഫ്സ് - രഞ്ജൻ
ഗൊഗോയ്

2.പുതിയ റിസർവ് ബാങ്ക് ഗവർണർ - ശക്തികാന്ധ
ദാസ്

3.പോക്യോങ് എയർപോർട്ട് ഏത്
സംസ്ഥാനത്താണ -സിക്കിം

4.സൂര്യനെക്കുറിച്ച് പഠിക്കാൻ നാസ വിക്ഷേപിക്കുന്ന
ഉപഗ്രഹം -പാർക്കർ

5.സൂര്യനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ
-ഹെലിയോസെയീസ്മോളജി

6.ഫ്ലിപ്കാർട്ടിനെ വാങ്ങുന്ന അമേരിക്കൻ കംപനി
-വാൾമാർട്ട്

7.ഫിഫ ലോകകപ്പ് റണ്ണറപ്പ്-ക്രൊയേഷ്യ

8.പുതിയതായി കണ്ടെത്തിയ മനുഷ്യശരീരത്തിലെ
അവയവം എത്രാമത്തെയാണ്-80

9.2018 ഓസ്ക്കറിലെ മികച്ച നടൻ
-ഗാരി ഓൾഡ്മാൻ

10.അഭിലാഷ് ടോമി സഞ്ചരിച്ച് അപകടത്തിൽപെട്ട
പായ്ക്കപ്പൽ - തുരിയ

# കടങ്കഥകൾ




1.മുറ്റത്തെ ചെപ്പിനടപ്പില്ല
-കിണർ

2.കൊക്കിരിക്കും കുളം വറ്റി വറ്റി - നിലവിളക്ക്

3.കാള കിടക്കും കടറോടും - മത്തങ്ങ

4.അക്കരെ പോത്തുവെട്ടി ഇക്കരെ
മണം വന്നു - ചക്ക

5.ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കുട്ടൻമാർ
-പാക്ക്

6.അമ്മയെ തൊട്ടു മകൻ മകൻ മരിച്ചു - തീപ്പട്ടി

7. മണ്ണിനടിയിൽ സ്വർണകട്ടി - മഞ്ഞൾ

8. ഞെട്ടില്ല വട്ടയില്ല – പപ്പടം


9.അകത്ത് തിരി തെളിച്ച പുറത്ത് മുട്ടയിട്ടു
-കുരുമുളക്

10. ആന കേറാമല ആട് കേറാമല ആയിരം
കാന്താരി പൂത്തിറങ്ങി -നക്ഷത്രം

# ചിത്രങ്ങൾ

(വിഷയം: പ്രളയം)





DISCOMFORTS OF AFRICAN TRAVEL.—THE MAKATA SWAMP.



# കൈറ്റ് അംഗങ്ങൾ

# Girls

1.Aksa Sara Peter

2.Aleena Mariya

3.Aleena Shaji

4.Amrutha Lakshmi

5.Anaswara Prasannan

6.Anjana Krishna

7. Anjana Sabu

8.Angel Y

9.Anju S

10.Arya Krishna

11. Blessy mol Vijayan

12.Christina.Reji

13.Deepe B N

14.Deniya Noble

15.Detteena Manoj

16.Devanandhana Ajith1

17.Gouri Nandhana

18. Jency.C

19. Karibia P V

20.Niya Santhosh

21. Saniya Elsa

22. Siji Stephen

23. Sneha Francis

## Boys

24.Adharsh Shaji
25.Akhil Padmajan
26.Alan Varghese
27. Alex Susan George
28. Anoop Abhilash
29.Amaljith Anil
30. Aswin Antony
31.Hari Krishnan
32. Hrithik Suresh
33.Jerin Reji
34. Jerin T Thomas
35. Jeron J
36. Joju George
37.Josekutty Joseph
38. Nithin Rajesh
39.Salwin Sebastian
40.Sejin Xaviour



കൈറ്റ് നേതൃത്വം : ശ്രീമതി. അനില തോമസ്

ശ്രീമതി. മിനിക്കുട്ടി മാത്യു

കൈറ്റ് ലീഡർസ് : അശ്വിൻ ആൻറണി

ബി.എൻ. ദീപി


ST. JOSEPH'S HIGH SCHOOL
CHINNAR




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
രജി. നമ്പർ: LK/2018/30058
സെന്റ്. ജോസഫ് ഹൈസ്കൂൾ
ചിന്നാർ, ഏലപ്പാറ
ഫോൺ: 04869 – 242 782

# <u>നന്ദി</u>

'Vision 1.0' പൂർണ്ണതയിൽ എത്തിക്കാൻ സഹായിച്ചവർക്ക്, എല്ലാ പ്രോത്സാഹനവും നൽകിയ ഞങ്ങളുടെ പ്രിയ ഹെഡ്മാസ്റ്റർ ജോസ് മാത്യു സാറിന്.............. അറിവരങ്ങിലേക്ക് ഞങ്ങളെ കൈപിടിച്ച് ഉയർത്തിയ പ്രിയ അദ്ധ്യാപകർക്ക്................ എല്ലാ പ്രചോദനങ്ങളും നൽകിവരുന്ന അനദ്ധ്യാപകർക്ക്......ഹൃദയത്തിൽ വിരിഞ്ഞ കലാ സൃഷ്ടികൾ കൊണ്ട് 'Vision 1.0' അലങ്കരിച്ച കൂട്ടുകാർക്ക്...........

**നന്ദി! ഒരായിരം നന്ദി!**